" ഭരണ ഭാഷ മാതൃഭാഷ"

നം. TRY/4387/2026-വിജി3

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി: 16/09/2026

# സർക്കുലർ നമ്പർ : 7/2026

വിഷയം: ട്രഷറി വകുപ്പ് - ഔദ്യോഗിക ആവശ്യത്തിനായി നവമാധ്യമങ്ങളിൽ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സംസ്ഥാനത്തെ ധനകാര്യ ഇടപാടുകൾ നടത്തുന്ന ഒരു സുപ്രധാന വകുപ്പെന്ന നിലയിൽ, ട്രഷറികളിൽ നിന്നുള്ള ഓരോ ഔദ്യോഗിക ആശയവിനിമയവും അതീവ ഗൗരവത്തോടെയും ഉത്തരവാദിത്തത്തോടെയും കൈകാര്യം ചെയ്യേണ്ടതുണ്ട്. അത്തരം ആശയവിനിമയങ്ങളിലെ ഉള്ളടക്കത്തിലും അവയുടെ പ്രചാരണത്തിനും സംസ്ഥാനത്തിന്റെ ധനകാര്യ ഭരണ നിർവ്വഹണത്തിലും പൊതുജനങ്ങൾക്കിടയിലെ സർക്കാരിന്റെ വിശ്വാസ്യതയ്ക്കും നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നുണ്ട്.

എന്നാൽ വിവിധ ട്രഷറികളിലെ ചില ജീവനക്കാർ ചേർന്ന് ഓഫീസ് തിരിച്ചോ, സെക്ഷൻ തിരിച്ചോ വാട്ട്സ് ആപ്പ്, ഫേസ് ബുക്ക് തുടങ്ങിയ സാമൂഹികമാധ്യമങ്ങളിൽ ചില ഗ്രൂപ്പുകൾ രൂപീകരിച്ച്, ട്രഷറി പ്രവർത്തനങ്ങളും ധനകാര്യ മാനേജ്മെന്റ് സംബന്ധിച്ച വിഷയങ്ങളും, പരസ്പരം ചർച്ച ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ഗ്രൂപ്പുകൾ ചുമതലപ്പെട്ട മേലധികാരികളുടെ അറിവോ അനുമതിയോ കൂടാതെയാണ് ആരംഭിക്കപ്പെട്ടിട്ടുള്ളതെന്നും ബോധ്യപ്പെട്ടിരിക്കുന്നു.

ഇപ്രകാരം അനധികൃതമായി ആരംഭിയ്ക്കുന്ന ഗ്രൂപ്പുകളിലൂടെ പ്രചരിക്കപ്പെടുന്ന ചില സന്ദേശങ്ങൾ ഔദ്യോഗികമോ ആധികാരികമോ ആയ വിവരങ്ങളാണെന്ന തെറ്റായ സന്ദേശം ജീവനക്കാർക്കിടയിലും അതുവഴി പൊതുജനങ്ങൾക്കിടയിലും സൃഷ്ടിക്കപ്പെടുന്നു. ഇത് ഗുരുതരമായ

ആശയക്കുഴപ്പമുണ്ടാകുവാൻ സാധ്യതയുണ്ടാകുമെന്ന് മാത്രമല്ല, സർക്കാരിന്റെ ഔദ്യോഗിക നിലപാടിന് വിരുദ്ധമായ വിവരങ്ങൾ പ്രചരിക്കുന്നതിനും, ആത്യന്തികമായി സർക്കാരിന്റെ വിശ്വാസ്യതയ്ക്കും പ്രതിച്ഛായയ്ക്കും ഭംഗം വരുത്തുന്നതിന് ഇടയാക്കുന്നതിനും സാധ്യതയുള്ളതായി മനസ്സിലാക്കുന്നു.

കേരള ഗവൺമെന്റ് സർവ്വന്റ്സ് കോണ്ടക്ട് റൂൾസ് 1960–ലെ ചട്ടം 56 ലെ വ്യവസ്ഥകൾ പ്രകാരം ഔദ്യോഗിക രേഖകളോ ഔദ്യോഗിക വിവരങ്ങളോ അധികാരപ്പെടുത്തിയിട്ടില്ലാത്ത വ്യക്തികൾക്ക് കൈമാറുന്നതും, സർക്കാരിനും പൊതുജനങ്ങൾക്കിടയിലെ ബന്ധത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്താവനകളും നിയന്ത്രിക്കപ്പെട്ടിട്ടുള്ളതാണ്. കൂടാതെ ചട്ടം 62 പ്രകാരം സർക്കാരും പൊതുജനങ്ങളും തമ്മിലുള്ള ബന്ധത്തെ ദോഷകരമായി ബാധിക്കുന്ന പ്രസ്താവനകൾ പരസ്യമായോ മാധ്യമങ്ങൾ വഴിയോ നടത്തുവാൻ പാടില്ലാത്തതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. സർക്കാർ സർക്കുലർ നം.78/2017 P&ARD തീയതി 31/01/2017 പ്രകാരം വിവിധ മാധ്യമങ്ങളിലൂടെ സർക്കാർ ജീവനക്കാർ അഭിപ്രായ പ്രകടനം നടത്തുന്നതുമായി ബന്ധപ്പെട്ടും വ്യക്തമായ നിർദ്ദേശങ്ങൾ നിലവിലുണ്ട്.

മേൽ സാഹചര്യങ്ങൾ കണക്കിലെടുത്ത്, ട്രഷറികളിലെ ഔദ്യോഗിക പ്രവർത്തനങ്ങളുടെയും ധനകാര്യ മാനേജ്മെന്റുമായി ബന്ധപ്പെട്ട വിവരങ്ങളുടെയും പ്രചാരണത്തിലും ചർച്ചകളിലും ആവശ്യമായ ഔദ്യോഗിക നിയന്ത്രണം ഉറപ്പാക്കുന്നതിനായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ചുമതലപ്പെട്ട മേലധികാരികളുടെ മുൻകൂർ അനുമതി കൂടാതെ ഒരു ട്രഷറി ജീവനക്കാരനും ട്രഷറിയുടെ ഔദ്യോഗിക പ്രവർത്തനങ്ങളിലോ ധനകാര്യ മാനേജ്മെന്റ് സംബന്ധിച്ച വിഷയങ്ങളോ ചർച്ച ചെയ്യുന്നതിനായി ഓഫീസ് തിരിച്ചോ സെക്ഷൻ തിരിച്ചോ വാട്ട്സ്ആപ്പ്, ഫേസ് ബുക്ക് തുടങ്ങിയ സാമൂഹിക മാധ്യങ്ങളിലൂടെ ഗ്രൂപ്പ് ആരംഭിക്കുവാനോ അഡ്മിൻ ആയി പ്രവർത്തിക്കുവാനോ പാടുള്ളതല്ല.

2. ഔദ്യോഗിക ആവശ്യത്തിനായി ഒരു ഗ്രൂപ്പ് രൂപീകരിക്കേണ്ടത് അനിവാര്യമാണെന്ന് ബോധ്യപ്പെടുന്നപക്ഷം, ബന്ധപ്പെട്ട ഓഫീസർ, ഗ്രൂപ്പിന്റെ ഉദ്ദേശ്യലക്ഷ്യം, അംഗങ്ങളുടെ വിവരം, അഡ്മിൻമാരുടെ പേരും ചുമതലയും എന്നിവ വ്യക്തമാക്കി ബന്ധപ്പെട്ട മേലധികാരികൾക്ക് അപേക്ഷ സമർപ്പിക്കേണ്ടതും അത്തരത്തിലുള്ള ഒരു ഗ്രൂപ്പിന്റെ ആവശ്യകത ബോധ്യപ്പെടുന്നപക്ഷം ബന്ധപ്പെട്ട മേലധികാരികൾ ആയതിന് അനുമതി നൽകുന്നതുമാണ്.

3. മേൽ നിർദ്ദേശങ്ങൾ ലംഘിക്കുന്നപക്ഷം കർശന നടപടി സ്വീകരിക്കുന്നതായിരിക്കും.

എല്ലാ ട്രഷറി ഓഫീസർമാരും തങ്ങളുടെ കീഴിലുള്ള മുഴുവൻ ജീവനക്കാരെയും ടി നിർദ്ദേശങ്ങൾ അറിയിക്കേണ്ടതും ടി വ്യവസ്ഥകൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

വി. സാജൻ
ട്രഷറി ഡയറക്ടർ

സ്വീകർത്താവ് :
1) എല്ലാ മേഖലാ ട്രഷറി ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ/സബ്/സ്റ്റാമ്പ് ഡിപ്പോ ഓഫീസർമാർക്കും

പകർപ്പ് :
1) ട്രഷറി ജോയിന്റ് ഡയറക്ടർ I & II
2) ഹെഡ് ക്വാർട്ടേഴ്സ് ഡെപ്യൂട്ടി ഡയറക്ടർ
3) അസിസ്റ്റൻറ് ഡയറക്ടർ,
4) സീനിയർ സൂപ്രണ്ട് 'എച്ച്' സെക്ഷൻ,
5) ട്രഷറി ഡയറക്ടറേറ്റിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും,
6) ഡയറക്ടറുടെ സി.എ /കരുതൽ ഫയൽ

---

**Directorate of Treasuries, Pattom, Pattom Palace.P.O , PIN: 695004**
**Ph. No.0471-2322533, Fax No. 0471-2324229, Mail id:** vig.treasury@kerala.gov.in